# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.10.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭാവി വെല്ലുവിളികൾക്ക് മികച്ച പ്രതിവിധികളേകാൻ രാജ്യത്തെ യുവതയ്ക്ക് കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; മസ്തിഷ്ക പഠനത്തിനായുള്ള ബ്രെയിൻ സെന്റർ തമിഴ്നാട്ടിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യു.

**Prime Minister Narendra Modi says the country's youth can provide effective solutions to future challenges; inaugurates a Brain Centre for brain research in Tamil Nadu.**

2. ജനങ്ങളുടെ സ്വതന്ത്രമായ സഞ്ചാരം ഉറപ്പാക്കണമെന്നും സമാധാനപരമായ ഒത്തുചേരലുകൾ തടയരുതെന്നും കേന്ദ്രസർക്കാരിനോട് സുപ്രീം കോടതി.

**Supreme Court directs the Centre to ensure free movement of people and not to obstruct peaceful gatherings.**

3. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് നാളെ തുടക്കമാകും; സഭാസമ്മേളനം ഈ മാസം 29 വരെ.

**The second session of the 16th Kerala Legislative Assembly begins tomorrow; the session will continue until the 29th of this month.**

4. നേപ്പാളിലെ മിന്നൽപ്രളയത്തിൽ അകപ്പെട്ട അമ്പതോളം പേരെ രക്ഷപ്പെടുത്തി; ഇന്ത്യയുടെ അതിർത്തി ജില്ലകളിൽ ജാഗ്രതാനിർദേശം.

**Around 50 people rescued after flash floods in Nepal; alert issued in India's border districts.**

5. കിഴക്കൻ ആഫ്രിക്കയിലെ ജിബൂട്ടി തീരത്ത് ബോട്ട് മറിഞ്ഞ് കുട്ടികളുൾപ്പെടെ 109 മരണം; 116 പേരെ കാണാതായി.

**109 people, including children, killed after a boat capsizes off the coast of Djibouti in East Africa; 116 people remain missing.**

6. റൈഫിൾ ആന്റ് പിസ്റ്റൾ ലോകകപ്പിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റളിൽ ഇന്ത്യയുടെ ഉദയ്‌വീർ സിദ്ധുവിന് സ്വർണം.

**India's Udayveer Sidhu wins gold in the men's 10-metre air pistol event at the ISSF World Cup.**

&&&&&&&&&&&&&&&&&&&&

## PM-CHENNAI SCHOOL ADDRESS

ഭാവിയിലെ വെല്ലുവിളികൾക്ക് മികച്ച പരിഹാരങ്ങൾ നൽകാൻ രാജ്യത്തെ യുവതയ്ക്ക് കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ചെന്നൈയിൽ ജയ്‌ഗോപാൽ ഗരോഡിയ ഹിന്ദു വിദ്യാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതമെന്ന ലക്ഷ്യ സാക്ഷാത്കാരത്തിൽ യുവജനങ്ങൾ നിർണായക പങ്കുവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## EVE PM-CHENNAI VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി തമിഴ്‌നാട്ടിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിട്ടു. മസ്തിഷ്ക പഠനത്തിനായുള്ള സുധ ഗോപാലകൃഷ്ണൻ ബ്രെയിൻ സെന്റർ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. ചെന്നൈ മെട്രോ രണ്ടാം ഘട്ടത്തിലെ നാലാം ഇടനാഴിയിൽ, 15 കിലോമീറ്റർ ദൈർഘ്യമുള്ള പൂനമല്ലി–

വടപളനി പാതയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ക്ഷേത്രങ്ങൾ മുതൽ മെട്രോ വരെയുള്ള തമിഴ്നാട്ടിലെ അനുഭവങ്ങൾ ആധുനിക ഇന്ത്യയുടെ ചൈതന്യം പ്രതിഫലിപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&&&&&

## SC-PROTESTS

സമാധാനപരമായി ഒത്തുചേരുന്നവരെ തടഞ്ഞുവയ്ക്കരുതെന്നും, സ്വതന്ത്ര സഞ്ചാരം ഉറപ്പാക്കണമെന്നും കേന്ദ്രസർക്കാരിനോട് സുപ്രീം കോടതി. മെട്രോ സർവീസുകളും ഇന്റർനെറ്റ് സേവനങ്ങളും തടസ്സമില്ലാതെ ലഭ്യമാക്കണം. ഡൽഹിയിലെ ബാരിക്കേഡ് ക്രമീകരണങ്ങൾ പുനഃപരിശോധിക്കണം. അഭിഭാഷകരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തരുതെന്നും കോടതി നിർദേശിച്ചു.

&&&&&&&&&&&&&&&&&&&&

## DELHI POLICE-CJP

സി.ജെ.പി. മുൻപ് നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കാത്തതും, ഡൽഹിയിൽ നിലവിലുള്ള സുരക്ഷാ-ക്രമസമാധാന നില കണക്കിലെടുത്തുമാണ് ജന്തർമന്തറിൽ ധർണ്ണയ്ക്ക് അനുമതി നിഷേധിച്ചത് എന്ന് ഡൽഹി ഡി.സി.പി. നേഹ യാദവ്. സി.ജെ.പി. സ്ഥാപകൻ അഭിജിത് ദീപ്കെയുടെ മുത്തശ്ശിയുടെ നിര്യാണത്തെക്കുറിച്ചുള്ള വിവരം ലഭിച്ചയുടൻ, ഉദ്യോഗസ്ഥർ അത് അറിയിച്ചിരുന്നു. മാതാപിതാക്കളോട് സംസാരിക്കാൻ അനുമതി നൽകിയെങ്കിലും അദ്ദേഹം അത് നിരസിക്കുകയാണുണ്ടായത് എന്നും ഡിസിപി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## PIB TRAIN FACT CHECK

ജന്തർ മന്തർ പ്രതിഷേധങ്ങളിൽ പങ്കെടുക്കാൻ ജനങ്ങൾ ട്രെയിനുകളുടെ മുകളിൽ കയറി ഡൽഹിയിലേക്ക് യാത്ര ചെയ്യുന്നു എന്ന തരത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. തെറ്റായ പ്രചാരണങ്ങളിൽ ജാഗ്രത പാലിക്കണമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&&&

## SEVA SANKALP-INTRO

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ആകാശവാണി അവതരിപ്പിക്കുന്ന 'ജനസേവനമാണ് ദേശസേവനം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന്, പത്മ പുരസ്കാര പ്രക്രിയ സുതാര്യവും ജനാധിപത്യപരവുമാക്കാൻ വരുത്തിയ മാറ്റങ്ങളെക്കുറിച്ചാണ്.

(വോയിസ്)

## SEVA SANKALP- VOICE

2014-ന് ശേഷം പത്മ പുരസ്കാരങ്ങൾക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയിൽ വിപുലമായ മാറ്റങ്ങൾ വരുത്തി കൂടുതൽ ലളിതമാക്കി. രാജ്യത്തെ ഏതൊരു പൗരനും അർഹനായ ഏത് വ്യക്തിയെയും നാമനിർദ്ദേശം ചെയ്യാം. മാത്രമല്ല സ്വയം നാമനിർദ്ദേശം ചെയ്യാനും അവസരമുണ്ട്. ഈ പരിഷ്കാരങ്ങൾ പത്മ പുരസ്കാരത്തെ 'ജനകീയ പുരസ്കാരമാക്കി' മാറ്റിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ അഭിപ്രായപ്പെട്ടു. സർക്കാരിന്റെ ശ്രമങ്ങളെ പത്മശ്രീ ജേതാക്കളായ മാലിനി അവസ്തി, മംഗള കപൂർ എന്നിവർ പ്രശംസിച്ചു.
ന്യൂസ് ഡെസ്ക് ആകാശവാണി .

&&&&&&&&&&&&&&&&&&&&

## KERALA ASSEMBLY

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് നാളെ തുടക്കമാകും. പൂജാ അവധിയടക്കം ഒഴിവാക്കി ആകെ ഒൻപത് ദിവസമാണ് സഭ സമ്മേളിക്കുന്നത്. ഈ മാസം 29 ന് സമ്മേളനം അവസാനിക്കും.

&&&&&&&&&&&&&&&&&&&&

## NEPAL-FLASH FLOOD

നേപ്പാളിലുണ്ടായ മിന്നൽ പ്രളയത്തിൽ കാണാതായ ഏകദേശം 50 പേരെ രക്ഷപ്പെടുത്തി. ഇനിയും നിരവധി പേരെ കണ്ടെത്താനുണ്ട്. ഗോർഖ ജില്ലയിൽ ബുധി ഗണ്ഡകി നദിയിലാണ് ഇന്നു പുലർച്ചെ മിന്നൽ പ്രളയമുണ്ടായത്. മുപ്പതിലധികം വീടുകളും പാലങ്ങളും ഒഴുകിപ്പോയി. ജലവൈദ്യുത പദ്ധതികൾക്ക് നാശനഷ്ടം സംഭവിച്ചു.

&&&&&&&&&&&&&&&&&&&&

## DAY NEPAL FLOODS IMPACT

നേപ്പാൾ മിന്നൽപ്രളയത്തെ തുടർന്ന് ബിഹാറിലെ അതിർത്തി ജില്ലയായ പശ്ചിമ ചമ്പാരനിൽ ജാഗ്രത ശക്തമാക്കി. മുൻകരുതൽ നടപടിയുടെ ഭാഗമായി താഴ്ന്ന പ്രദേശങ്ങളിൽ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു.

&&&&&&&&&&&&&&&&&&&&

## EAST AFRICA-BOAT CAPSIZE

കിഴക്കൻ ആഫ്രിക്കയിലെ ജിബൂട്ടി തീരത്ത് ബോട്ട് മറിഞ്ഞ് 15 കുട്ടികളുൾപ്പെടെ 109 പേർ മരിച്ചു; 116 പേരെ കാണാതായി.

രക്ഷാപ്രവർത്തനം തുടരുകയാണ് എന്ന് അന്താരാഷ്ട്ര കുടിയേറ്റ സംഘടനയായ IOM അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## VP-DESHMUKH-JP-NARAYANAN

സാമൂഹ്യ പരിഷ്കർത്താവ് നാനാജി ദേശ്മുഖിന്റെയും സ്വാതന്ത്ര്യസമര സേനാനി ലോകനായക് ജയപ്രകാശ് നാരായണന്റെയും ജന്മവാർഷികദിനത്തിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇരുവരുടെയും ആശയങ്ങളും പൊതുസേവനത്തോടുള്ള സമർപ്പണവും രാജ്യത്തിന് എന്നും പ്രചോദനമാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## DURGA PUJA

നവരാത്രി ആഘോഷങ്ങൾക്ക് രാജ്യത്തുടനീളം ഭക്തിനിർഭരമായ തുടക്കം. 'ഉമാ ആഗമനി' ചടങ്ങോടെയാണ് ദുർഗ്ഗാ പൂജ ആഘോഷങ്ങൾ പശ്ചിമ ബംഗാളിൽ ആരംഭിച്ചത്. കേരളത്തിലും വിവിധ ഇടങ്ങളിൽ നവരാത്രി ആഘോഷ ഒരുക്കങ്ങൾ പൂർത്തിയായി. പത്മനാഭ പുരത്ത് നിന്നുള്ള വിഗ്രഹ ഘോഷയാത്ര ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തുന്നതോടെ തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമാകും.

&&&&&&&&&&&&&&&&&&&&

## PADMANABHA TEMPLE -ALPASI - INTRO

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ അൽപശി ഉത്സവത്തിന് കൊടിയേറി.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....

(വോയിസ്)

&&&&&&&&&&&&&&&&&&&&

## SHOOTING-ISSF WORLD CUP

ഈജിപ്തിൽ നടക്കുന്ന ISSF റൈഫിൾ ആന്റ് പിസ്റ്റൾ ലോകകപ്പിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റളിൽ ഇന്ത്യയുടെ ഉദയ്‌വീർ സിദ്ധുവിന് സ്വർണം. ഈ മാസം 16 വരെ നീളുന്ന ടൂർണമെന്റിൽ 24 അംഗ ഇന്ത്യൻ സംഘമാണ് പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&&&

## IND_WI T20

പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ടോസ് നേടിയ വെസ്റ്റ് ഇൻഡീസ് ഇന്ത്യയെ ബാറ്റിംഗിന് അയച്ചു. ഇന്ദോറിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&

## ISL

ISL ഫുട്ബോളിൽ ഇന്ന് നടന്ന ആദ്യമത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സിന് ജയം. ഇൻററ്കാശിയെ 2-0 നാണ് തോൽപ്പിച്ചത്. ചർച്ചിൽ ബ്രദേഴ്സ് -മുംബൈ സിറ്റി മത്സരം ഗോവയിൽ പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&&&

## RAILWAY

ഇന്ത്യൻ റെയിൽവേയിൽ 3,548 ബിരുദതല തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ചീഫ് കൊമേഴ്സ്യൽ കം ടിക്കറ്റ് സൂപ്പർവൈസർ, ഗുഡ്സ് ട്രെയിൻ മാനേജർ, ജൂനിയർ അക്കൗണ്ട്സ് അസിസ്റ്റന്റ് കം ടൈപ്പിസ്റ്റ്, സീനിയർ ക്ലർക്ക് കം ടൈപ്പിസ്റ്റ് എന്നീ നാല് തസ്തികകളിലേക്കാണ് നിയമനം. അടുത്ത മാസം 6 വരെ അപേക്ഷകൾ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&&&

## C P JOHN

നെടുമ്പാശ്ശേരിയിൽ മൂന്നുപേരുടെ മരണത്തിനിടയാക്കിയ വാഹനാപകടത്തിൽ മന്ത്രി സി പി ജോൺ, ഗതാഗത കമ്മീഷണറോട് റിപ്പോർട്ട് തേടി. അമിത വേഗത്തിലെത്തിയ കാറിടിച്ച് ഇന്ന് പുലർച്ചെയാണ് മൂന്ന് പേർ മരിച്ചത്.

&&&&&&&&&&&&&&&&&&&&

## M LIJU

നെടുമ്പാശ്ശേരി വാഹനാപകടത്തിൻറെ പശ്ചാത്തലത്തിൽ ബാറുകൾക്കെതിരെ കേസെടുക്കാൻ നിർദേശം നൽകി എക്സൈസ് മന്ത്രി എം ലിജു. പ്രതിയായ 19-കാരൻ വിവിധ ബാറുകളിൽനിന്നു മദ്യപിച്ചിരുന്നെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. കേരളത്തിൽ മദ്യം വാങ്ങുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 23 വയസ്സായിരിക്കെ, 19-കാരന് മദ്യം നൽകിയെന്ന കണ്ടെത്തലാണ് ബാറുകൾക്കെതിരായ നടപടിക്ക് കാരണം.

&&&&&&&&&&&&&&&&&&&&

## IMD

മറ്റന്നാൾ വരെ മാഹി, ലക്ഷദ്വീപ്, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴക്കും ശക്തമായ

കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആന്ധ്രാപ്രദേശ്, ഝാർഖണ്ഡ്, നാഗാലാൻഡ്, മണിപ്പൂർ, മിസോറം, ത്രിപുര, ഒഡിഷ, പടിഞ്ഞാറൻ രാജസ്ഥാൻ എന്നിവിടങ്ങളിലും സമാനമായ കാലാവസ്ഥയാണ്.

&&&&&&&&&&&&&&&&&&&&

## RIYADH AIRPORT ATTACK

സൗദി അറേബ്യയിലെ കിംഗ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളത്തിന് നേർക്കുണ്ടായ തുടർച്ചയായ ഹൂതി ആക്രമണത്തെ അപലപിച്ച് ഇന്ത്യ. ആക്രമണത്തിൽ 12 പേർ കൊല്ലപ്പെട്ടു. മുന്നൂറിലധികം പേർക്ക് പരിക്കേറ്റു. ആക്രമണത്തെത്തുടർന്ന് വിമാനത്താവളത്തിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചു. ഹൂതികൾക്കെതിരായ നടപടികളിൽ പങ്കാളിയാവുന്ന കാര്യം പരിഗണനയിലാണെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## TRUMP-RUSSIA-UKRAINE

യുക്രൈനുമായുള്ള സംഘർഷം അവസാനിപ്പിക്കാൻ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന് താൽപര്യമുള്ളതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പുടിനുമായി നടത്തിയ ഫോൺ സംഭാഷണത്തിന് ശേഷമാണ് ട്രംപിന്റെ പ്രതികരണം. എന്നാൽ വിഷയത്തിൽ യുകെ പ്രധാനമന്ത്രി ആൻഡി ബേൺഹാം യുക്രെയ്ന് പിന്തുണ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&

## DEFENCE-INS TRISHUL

ഇന്ത്യ-യുകെ ഉഭയകക്ഷി സമുദ്രഭ്യാസമായ 'കൊങ്കൺ-26'-ൽ പങ്കെടുക്കുന്നതിനായി ഇന്ത്യൻ നാവികസേനയുടെ

യുദ്ധക്കപ്പലായ 'ഐ.എൻ.എസ്. തൃശൂൽ' ബ്രിട്ടനിലെത്തി. രണ്ട് ഘട്ടങ്ങളിലായി പ്ലൈമൗത്ത് തീരത്താണ് അഭ്യാസം നടക്കുന്നത്.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&